MR. P. S. NATARAJA PILLAI: 100 tons of Ammonium Sulphate are being manufactured daily sold here and outside Travancore. Whether that kind of article should come in for exemption or not, I do not know. The whole question is, if properly discussed and thought of, I think that clause should be redrafted or postponed for consideration later on. I ask the Treasury Benches to think it over. We should not tax the foodstuffs of the poor people of Travancore. Taxing it will be very hard on the consumer. I only wanted to place this matter for consideration of the House.

MR. T. A. ABDULLA: Will it not be sufficient if the Government consider this question and deals with it under Section 6?

MR. P. S. NATARAJA PILLAI: It is better to give a mandate. There is a reserve power under Section 6 to exempt certain articles. I do not want such kind of discretion to be handed over to the Government. I would prefer the House to give a clear direction.

MR. P. T. CHACKO: മി. ഉദയഭാനു അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. അങ്ങനെ പിൻതാങ്ങുന്നതോടുകൂടി ഇവിടെ അത്യാവശ്യം പ്രത്യേകം ചൂണ്ടിക്കാണിക്കാത്ത ഒന്നുരണ്ടുവസ്തുക്കളെക്കൂടി ചൂണ്ടിക്കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ അടുത്ത ദിവസങ്ങളിൽ ഈ നിയമസഭയിൽ നടന്ന വാദപ്രതിവാദങ്ങൾകൊണ്ടുതന്നെ മരച്ചീനിയെ സംബന്ധിച്ചിടത്തോളം ന്യായവില ഷാപ്പുകൾ വേണമെന്നുള്ളതു് ഇവിടെ വലിയ ഒച്ചപ്പാടുണ്ടാക്കിയ ഒരു കാര്യമാണെന്ന് നാം കണ്ടു. അതുപോലെതന്നെ ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന അരിയെ സംബന്ധിച്ചും അതിന്റെ വിലയെ സംബന്ധിച്ചും അളുകൾക്ക് വലിയ അതൃപ്തിയുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. വളം ഡിപ്പോകളെ സംബന്ധിച്ചും ഇവിടെ നടന്നിട്ടുള്ള ചോദ്യോത്തരങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ വിലയ്ക്കു് വളം കൃഷിക്കാർക്ക് കിട്ടാനുള്ള ഏർപ്പാടുകളാണ് ഇന്നു് ആവശ്യമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതെല്ലാംകൂടി ഒന്നിച്ചുവച്ച് ഒന്നു ചിന്തിക്കണമെന്നു മാത്രമേ എനിക്കു പ്രസ്താവിക്കുവാനുള്ളൂ. ഈ ബിൽ ഇതേപടി നിയമമാക്കുകയാണെങ്കിൽ ... ...

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: The hon'ble member will please confine his remarks to the amendment before the house.

MR. P. T. CHACKO: ഈ ബിൽ ഇതേപടി നിയമമാക്കുകയാണെങ്കിൽ ഇന്നു നാം വിലകൊടുക്കുകിട്ടണമെന്നു് ആവശ്യപ്പെടുന്ന മരച്ചീനി, അരി, പയറു മുതലായ സാധനങ്ങൾക്കും വളത്തിനുമെല്ലാം അല്പമെങ്കിലും കൂടിയ വിലകൊടുക്കേണ്ടിവരുമെന്നു് നാം ഓർക്കണം. പാകംചെയ്ത ഭക്ഷണത്തെപ്പറ്റി എന്റെ സ്നേഹിതൻ അല്പം സംശയമുണ്ടെന്നു് പറഞ്ഞു. പാകംചെയ്ത ഭക്ഷണം നമ്മുടെ നാട്ടിൽ വില്പനയ്ക്കു് വച്ചിരിക്കുന്നതു് ഹോട്ടലുകളിലാണു്. അതിനുപയോഗിക്കുന്ന സാധനങ്ങൾ എല്ലാംതന്നെ ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ചു് ഓരോ ടേൺ ഓവറിനും നികുതി ചുമത്തപ്പെടുന്നവയാണു്. അങ്ങനെ പാകം ചെയ്യുന്നതിനു മുൻപുതന്നെ പല പ്രാവശ്യം നികുതി ചുമത്തപ്പെട്ട സാധനങ്ങൾകൊണ്ടാണു് പാകംചെയ്ത ആഹാരസാധാനങ്ങൾ ഉണ്ടാക്കുന്നതു്. അതിനു് പിന്നീടും നികുതി ചുമത്തണമെന്നാണു് വ്യവസ്ഥ. അതുകൊണ്ടു് ഇതിൽ പറയുന്ന ഓരോന്നും പ്രത്യേകമായി എടുത്തുനോക്കുമ്പോൾ ഈ സഭയിലെ സാമാജികന്മാർ ഏതെല്ലാം സാധനങ്ങളാണോ വിലകുറച്ചു കിട്ടേണ്ടതു് ഏറ്റവും അത്യന്താപേക്ഷിതമാണെന്നു് പറഞ്ഞിട്ടുള്ളതു് അതു് സാധനങ്ങൾക്കുതന്നെയാണു് ഏറ്റവും കൂടുതൽ നികുതി കൊടുക്കേണ്ടി വരുന്നതു്. ഈ നികുതിഭാരമെല്ലാം ചുമക്കേണ്ടതു് അവ വാങ്ങി ഉപയോഗിക്കുന്ന സാധുജനങ്ങളാണു്. അതുകൊണ്ടു് ഭക്ഷണപദാർത്ഥങ്ങളും, മരച്ചീനിയും, പാകംചെയ്ത ആഹാരസാധനങ്ങളും ഈ നിയമത്തിൽനിന്നും ഒഴിവാക്കേണ്ടതു് എത്രയും ആവശ്യമാണെന്നു് ഈ സഭയിലെ സാമാജികന്മാർതന്നെ പലപ്പോഴും പ്രസ്താവിച്ചുകേട്ടിട്ടുണ്ടു്.

MR. P. NANOO: മത്സ്യത്തെക്കൂടി ഇതിൽനിന്നും ഒഴിവാക്കേണ്ടതല്ലേ?

MR. P. T. CHACKO: ആ അമൻറുമെൻറ് എന്റെ മുൻപിൽഇല്ല. അതുകൊണ്ടു് ഇപ്പോൾ അതിനെപ്പറ്റി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ബാംബെയിലേയും ബാംഗാളിലേയും മറ്റു പല സ്ഥലങ്ങളിലേയും ബില്ലുകളിൽനിന്നു് വ്യത്യസ്തമായ ഒരു ബില്ലാണു് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അവിടങ്ങളിലെ ബില്ലുകളിൽ ഒരു ടേൺ ഓവറിനുമാത്രം നികുതി ചുമത്തപ്പെടണമെന്നാണു് ഉദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ മദ്രാസിലെ ബില്ലു് അങ്ങനെയല്ല. ഓരോ ടേൺഓവറിനും നികുതി ചുമത്തുന്ന ഒരു ബില്ലാണു് മദ്രാസിലേതു്. അങ്ങനെ ഓരോ ടേൺ ഓവറിനും നികുതി ഈടാക്കുന്ന ഒരു വ്യവസ്ഥയാണു് ഈ ബില്ലിലും ഉള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ജീവിതത്തിന് വളരെ അത്യാവശ്യമായ ആഹാരസാധനങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കേണ്ടതാണെന്നുള്ള ഈ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

HON'BLE MR. A. J. JOHN : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഈ ബില്ലിന്റെ ഉദ്ദേശംതന്നെ സാധിക്കാതെ വരുന്നതാണ്. ആഹാരസാധനങ്ങളെ ഇതിൽനിന്നും ഒഴിവാക്കിയാൽ ഒരു വലിയ തുക റവന്യൂവിൽ കുറഞ്ഞു പോകുന്നതാണ്. മി. കെ. കെ. ചെല്ലപ്പൻപിള്ള പറയുകയുണ്ടായി പ്രൊഹിബിഷൻ തിരുവിതാംകൂറിൽ മുഴുവനും നടപ്പിൽ വരുത്തിയിട്ടില്ലെന്നും നടപ്പിൽ വരുത്തിയിട്ടുള്ള സ്ഥലങ്ങളിലെ ആവശ്യത്തിനുമാത്രം സെയിൽടാക്സ് ചുമത്തിയാൽ മതിയെന്നും.

MR. K. K. CHELLAPPAN PILLAI : എങ്ങനെയായാലും മിതമായിരിക്കണമെന്നു മാത്രമേ എനിക്ക് അഭിപ്രായമുള്ളൂ.

HON'BLE MR. A. J. JOHN : ഏറ്റവും മിതമായിട്ടുതന്നെയാണ് ഈ ബിൽ എഴുതിയിരിക്കുന്നത്. ഈ ബില്ലിന്റെ ഉദ്ദേശം സാധിക്കണമെന്നുണ്ടെങ്കിൽ ഇതു് ഇതുപോലെ പാസാകുകയും വേണം. അതുകൊണ്ട് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment of Mr. Udayabhanu was put to vote and lost.

MR. KANNARA GOPALA PANICKER: Sir, I demand a poll.

A poll was taken and the House divided as follows :—

AYES—30.

1	Mr. (Krishnan) Aiyappan	16	Mr. Philipose Muthalaly
2	„ S. Ambrose	17	„ D. Poniah
3	„ P. T. Chacko	18	„ K. Ramachandran
4	„ K. K. Chellappan Pillai	19	„ K. Ramakrishna Achari
5	„ A. Chidambara Natha Nadar	20	„ P. K. Raman
		21	„ A. Ramasubramonia Karayalar
6	„ D. Gnanasigamani	22	„ Sankaran Nadar
7	„ K. S. Joseph	23	„ K. Sivarama Pillai
8	„ T. T. Kesavan Sastri	24	„ S. Sivaraman Asari
9	„ T. Kochukrishna Pillai	25	„ Ponnara G. Sreedhar
10	„ P. K. Kumaran Asari	26	„ A. P. Udayabhanu
11	„ P. Kunjukrishnan	27	„ P. V. Urumese Tharakan
12	„ T. A. Moideen Kunju	28	„ N. P. Varghese
13	„ P. S. Nataraja Pillai	29	„ U. K. Vasudevan Asari
14	„ A. Nesamony	30	„ Kumaran Asari
15	„ A. K. Pachu Pillai		

LIBRARY ARCHIVES Kerala Legislative Assembly

NOES—33.

1	Mr. T. A. Abdulla	18	Mr. Kuttappan (Kochayyappan)
2	„ V. A. Abdul Aziz	19	Hon'ble Mr. E. K. Madhavan
3	„ Abdul Majeed	20	Mr. MankuzhiM. Madhavau
4	Miss Accamma Cheriyan	21	„ V. Madhavan
5	Mr. R. Atchuthan	22	Hon'ble Mr. V. O. Markos
6	„ Cheriyau J. Kappan	23	Mr. K. A. Mathew
7	„ K. A. Gangadhara Menon	24	„ P. S. Muhammed
8	„ P. C. George	25	„ P. Nanoo
9	„ P. Gopalan	26	„ Narayanan (Chittonpullan)
10	„ Kannara Gopala Panicker	27	„ C. Narayana Pillai
11	Hon'ble Mr. A. J. John	28	Hon'ble Mr. T. K. Narayana Pillai
12	Mr. Joseph Malieckal	29	Mr. G. P. Nilakanta Pillai
13	„ C. Kesavan	30	„ M. Pappu
14	„ N. S. Kochukunju	31	„ Raman Pillai (Madhavan Pillai)
15	„ P. K. Krishnan Sastri	32	„ Raphael J. Rodriguez
16	„ Thariathu Kunjithomman	33	„ P. M. Varghese
17	Hou'ble Mr. N. Kunjuraman		

NEUTRAL—10.

1	Mr. P, Balakrishnan Thampi	6	Mr. K. P. Nilakanta Pillai
2	Mrs. Devaki Gopidas	7	„ Paul Thaliath
3	Mr. T. V. Devan	8	„ Poulose Pylee
4	„ M. Govindan	9	„ A Thanu Pillai
5	„ Muhammed Mustafa	10	„ Varghese Augastine

The amendment was declared lost.

MR. K. K. CHELLAPPAN PILLAI: Sir, I move that in clause 5, the following may be inserted as sub-clause (vii):—

"sale of food grains shall be exempt from taxation under section 3, sub-section (1)."

MR. P. T. CHACKO: I support the amendment.

The amendment was put to vote and carried.

MR. P. S. NATARAJA PILLAI: Sir, I move the following amendment:—

In clause 5, sub-clause (vi), omit the words "and of newspapers, that is to say, of periodical works containing public news or comments on public news" after the word "untanned" and before the word "shall".

As amended the sub-clause (vi) would read like this:—

"The sale of hides and skins, whether tanned or untanned shall be liable to tax.....".

My amendment is to omit newspapers from the purview of this provision. Sir, I need not much labour the point that newspapers are to be exempted from tax. If they are to be taxed that will tantamount to taxing knowledge. This is dangerous especially in a democratic country. We know how these newspapers are published. They are really struggling for their existence. Selling 400 copies daily.

LIBRARY ARCHIVES Kerala Legislative Assembly

MR C. NARAYANA PILLAI (*Mavelikara I—General*): ന്യൂസ് പേപ്പർ ഇൻഡസ്ട്രി ഒരു വ്യവസായമെന്ന നിലയിൽ ക്യാപ്പിറലിസ്റ്റുകൾ നടത്തിവരുന്നതായറിയാമോ?

MR. P. S. NATARAJA PILLAI: My friend was asking me whether it has not become an industry in the hands of capitalists. In certain cases it has become capitalist concerns.

MR. P. KUNJUKRISHNAN: പുസ്തകങ്ങളെ ഒഴിവാക്കണമോ?

MR. P. S. NATARAJA PILLAI: Books ought not to be taxed. In any case if newspapers also are to be taxed the provision must be amended in such a way as to include papers which have got a circulation of about three thousand or more.

MR. P. S. MOHAMMED: ഒരു പ്രായിൻറിൽ മാത്രമല്ലേ ടാക്സ് ചെയ്യുന്നുള്ളൂ?

MR. P. S. NATARAJA PILLAI: At no point it should be taxed. It would be immoral to tax knowledge more so with Newspaper especially when we are functioning democratically. I submit that my amendment may be accepted by the Treasury bench.

MR. K. K. CHELLAPPAN PILLAI: ഡെമാക്രാറിക്ക് ഭരണം നിലവിലുള്ള രാജ്യങ്ങളിൽ ന്യൂസ് പേപ്പർ ധാരാളം വേണം. അത് ശരിയായ വിധത്തിൽ തന്നെ നടത്തപ്പെടണമെന്നുള്ളതിലും അഭിപ്രായ വ്യത്യാസം ഉണ്ടാകാൻ ഇടയില്ല. എന്നാൽ അതിനു ബാധകമായിരിക്കുന്നതാണ് ഇവിടത്തെ ഇന്നത്തെ സ്ഥിതി. ഈ ഇനംകൊണ്ട് ഇവിടെ വലിയ കുഴപ്പങ്ങൾ ഉണ്ടെന്നും അതിനാൽ ഡെമാക്രാറിക്കൽ പ്രിൻസിപ്പിൾ അനുസരിച്ച് പുരോഗമിക്കണമെന്നു നാം വിചാരിക്കുന്ന ഈ രാജ്യത്തു കുഴപ്പങ്ങൾ തീർക്കുന്നതിനുള്ള പോംവഴി കണ്ടുപിടിക്കണമെന്നും ആണ് എനിക്കു പറയുവാനുള്ളത്. നല്ല നിലയിൽ നടത്തുന്ന ന്യൂസ്പേപ്പർ ധാരാളം വേണം; അവയെ വേണ്ട വിധത്തിൽ പ്രോത്സാഹിപ്പിക്കയും ചെയ്യണം. അതിനു സഹായകമാണു ഈ ടാക്സ്. ഇതു തെറ്റായ നടപടിയാണെന്നാണ് എനിക്കു പറയുവാനുള്ളത്.

MR. PONNARA G. SREEDHAR: കരം വയ്ക്കാതിരുന്ന കാലത്തു തന്നെ പത്രങ്ങൾ നടത്താതിരുന്നിട്ടില്ലേ? പിന്നെ കരംകൂടി വന്നാലോ?

MR. K. K. CHELLAPPAN PILLAI: കരംകൂടി വന്നാൽ പേപ്പറുകൾ നടത്താൻ വലിയ വിഷമമാണ്. നിന്നുപോകും.

HON'BLE MR. A. J. JOHN: ഇതിൽ ഇങ്ങനെ വച്ചിരിക്കുന്നതു ന്യൂസ് പേപ്പറുകൾക്കു കൂടെ സഹായകരമായിരിക്കുമെന്നു കരുതി ആണ്. പേപ്പറിനു ഒരു സെൻറിൽ മാത്രമേ ടാക്സ് ചെയ്യാവൂ എന്നു വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John].

അതു് എടുത്തു കളയുന്നു എന്നുവരികിൽ രണ്ടും മൂന്നും ടാക്സ് വന്നു പോകും. ഭേദഗതികൊണ്ടു, ന്യൂസ്പേപ്പർ വ്യാപാരത്തിനു വലിയ തടസ്സം ഉണ്ടാകുന്നതാണു്.

MR. K. K. CHELLAPPAN PILLAI : ഭേദഗതി സ്വീകരിച്ചാൽ കരം പരിപൂർണ്ണമായി തടയപ്പെട്ടും എന്നാണു് ഞാൻ പറയുന്നതു്.

HON'BLE MR. A. J. JOHN : അതിനെപ്പറ്റി എനിക്കു പറയുവാനുള്ളതു് ഇതാണു്. ന്യൂസ് പേപ്പർ നടത്തിക്കൊണ്ടിരിക്കുന്നതു് വലിയ മുതലാളികളാണു്. അവർ ഇതിൽനിന്നും വലിയ ലാഭം ഉണ്ടാക്കുന്നുണ്ടു്. അതിനാൽ അതു് സാധാരണക്കാരെ ബാധിക്കുകയില്ല. അങ്ങനെയിരിക്കെ ഒരു ടാക്സ് വന്നാൽ അതിൽ യാതൊരു കുഴപ്പവും ഉണ്ടാകാനില്ല. കാഫിക്കച്ചവടക്കാരേയും മറ്റും ടാക്സ് ചെയ്യുമ്പോൾ ഒരു വലിയ വ്യവസായമായ ന്യൂസ് പേപ്പറുകളെ ടാക്സ് ചെയ്യുന്നതു് അനീതിയായിരിക്കുകയില്ല എന്നാണു എനിക്കു പറയുവാനുള്ളതു്. ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put to vote and lost.

Clause 5, as amended, was put to vote and carried.

Clause 5 was added to the Bill.

The question whether clauses 6, 7 and 8 stand part of the Bill was put to vote and carried.

Clauses 6, 7 and 8 were added to the Bill.

CLAUSE 9.

MR. A. P. UDAYABHANU : ഒൻപതാമത്തെ ക്ലാസ്സ് ഏജന്റന്മാർക്കു് ലൈസൻസുകൊടുക്കുകയും അവരെ ടാക്സിൽനിന്നും ഒഴിവാക്കുകയും ചെയ്യുന്ന വകുപ്പാണു്. അതിപ്രകാരമാണു്:—

Delete clause 9 and renumber the subsequent clauses accordingly.

ഇതാണു് എന്റെ അമൻഡ്മെൻറു്. ബില്ലിൽ പറയുന്നതു് ഇങ്ങനെയാണു്.

"License any person under this section who for an agreed commission or brokerage buys or sells on behalf of known principals specified in his accounts in respect of each transaction and may exempt from the tax or taxes payable under Section 3 such of his transactions as are carried out in accordance with the terms and conditions of his license."

LIBRARY ARCHIVES Kerala Legislative Assembly

ഇതനുസരിച്ച് അവരെ ടാക്സിൽനിന്നും ഒഴിവാക്കുന്നു. അതായതു്,

"Such of his transactions as are carried out in accordance with the terms and conditions of his license."

എന്നാൽ ഈ ഏജൻറന്മാരെ എല്ലാം നോക്കി കണ്ടുപിടിക്കുക വളരെ ശ്രമാവഹമായ ഒരു സംഗതിയാണു്. ഏജൻറന്മാർക്കു് ലൈസൻസു കൊടുക്കുകയും എന്നാൽ അവരെ ടാക്സിൽനിന്നു ഒഴിവാക്കുകയും ചെയ്യുകയാണെങ്കിൽ നികുതി ചോർന്നുപോകുന്നതിനു ഇടയുണ്ടു്. ഏജൻറന്മാർ ഏജൻസിവ്യവസ്ഥ കണിശമായി നടത്തുന്നുണ്ടോ എന്നുള്ളതു് അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനു വളരെ വിഷമമുണ്ടു്. അതുകൊണ്ടു ഈ നിയമം നടപ്പിൽ വരുത്തുന്നതിനു പ്രായോഗികമായ വൈഷമ്യം ഉണ്ടു്. അതിനെ പരിഗണിച്ചു് എക്സംപ്ഷൻ കൊടുക്കേണ്ടതാണെന്നാണു് ഞാൻ പറയുന്നതു്. അതാണു് ഒൻപതാമത്തെ വകുപ്പു് വേണ്ടെന്നു പറഞ്ഞതു്.

MR. P. S. NATARAJA PILLAI: I second it.

HON'BLE MR. A. J. JOHN: ഇതിനെ ഞാൻ എതിർക്കുന്നു. ഇങ്ങനെ ഒരു പവർ ഗവണ്മെൻറിനു് ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്.

The amendment was put to the vote of the House and lost.

Clauses 9 and 10 were put and carried.

Clauses 9 and 10 were added to the Bill.

CLAUSE 11.

MR. A. P. UDAYABHANU: Delete clause 11 and renumber accordingly. പതിനൊന്നാമത്തെ ക്ലാസ്സു് എടുത്തുകളയുന്നതിനാണു് ഭേഗതിയുടെ ഉദ്ദേശം. ഈവകുപ്പു് ഉപകാരപ്രദമല്ല. സാധാരണയായി കച്ചവടക്കാരൻ അവൻറെ ലാഭത്തിൽക്കൂടി തന്നെ വിൽപ്പനനികുതിയും കൂടി ഉൾപ്പെടുത്തുക ഒരു പതിവുണ്ടു്. നാം ഒരു സാധനം വാങ്ങുമ്പോൾ അതിൻറെ വിലയോടുകൂടി വിൽപ്പനനികുതി എന്ന പേരിൽ ഒരു നികുതികൂടി കച്ചവടക്കാർ ചേർക്കുന്നുണ്ടു്. ഇതു് നഗ്നമായ രൂപത്തിൽ കച്ചവടക്കാർ ആളുകളിൽനിന്നും കരം ഈടാക്കുകയാണു്. പത്താമത്തെ വകുപ്പനുസരിച്ചതന്നെ ഏഴായിരത്തിയഞ്ഞൂറുരൂപയ്ക്കു മേൽ ടേൺഓവറുള്ള കച്ചവടക്കാർ രജിസ്റ്റർചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. പതിനായിരം രൂപയ്ക്കുമേൽ ടേൺഓവറുള്ള കച്ചവടക്കാർ നികുതികൊടുക്കാനാണു് നിയമം. ഏഴായിരത്തി അഞ്ഞൂറുരൂപക്കുമേൽ ടേൺഓവറുള്ള കച്ചവടക്കാരൻ രജിസ്റ്റർചെയ്തു കഴിഞ്ഞാൽപിന്നെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu].

തന്റെ പക്കൽനിന്നും സാധനം വാങ്ങുന്ന ആളുകളുടെ പക്കൽ നിന്നും വിൽപ്പനനികുതി ഈടാക്കുന്നുണ്ട്. അതിനു അയാൾ രജിസ്റ്റർ ചെയ്ത ഉടൻതന്നെ അയാൾക്ക് അധികാരം ലഭിക്കുന്നുണ്ട്. അപ്പോൾ ഗവണ്മെന്റ് ഈ കച്ചവടക്കാരിൽനിന്നും ടാക്സ് ഈടാക്കുക അല്ലാ, പരമാർത്ഥത്തിൽ അവരിൽനിന്നും സാധനം വാങ്ങുന്ന ആളുകളുടെ അടുക്കൽനിന്നും നികുതി ഈടാക്കുക എന്നാണ് വരുന്നത്. ഇതാണ് പരമാർത്ഥം. ഏതായാലും ഈ സിസ്റ്റം ഉപഭോക്താക്കളെയാണ് ബാധിക്കുന്നത്.

ഈ ഫ്രാം വകുപ്പു അനുസരിച്ചു രജിസ്റ്റർ ചെയ്തവരല്ലാതെ ആരും നികുതി ഈടാക്കാൻ പാടില്ല എന്നു പറഞ്ഞാൽ അങ്ങനെയുള്ളവർ ഈടാക്കിക്കൊള്ളണമെന്നാണല്ലൊ അർത്ഥം. ഈ ഭേദഗതി അവതരിപ്പിക്കാൻ എന്നെ പ്രധാനമായി പ്രേരിപ്പിച്ചത് ഉപഭോക്താക്കളുടെ പക്കൽനിന്നും സെയിൽസ് ടാക്സ് ഈടാക്കാൻ പാടില്ല എന്ന ഉദ്ദേശം ഒന്നു മാത്രമാണ്. ബാംബെയിലെ ടാക്സേഷനും ഇവിടത്തെ ടാക്സേഷനും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ബാംബെയിൽ റീട്ടയിൽ ഡീലേഴ്സിൽനിന്നാണ് സെയിൽസ് ടാക്സ് വസൂൽ ചെയ്യുന്നത്. അവിടെ സിങ്കിൾ പോയിന്റ് ടാക്സേഷൻ സിസ്റ്റമാണ് നടപ്പിലിരിക്കുന്നത്. ഇവിടെ കൃമിലേറിവു ടാക്സേഷൻ സിസ്റ്റം നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. കൃമിലേറിവു ടാക്സേഷനെപ്പറ്റി സാധൂകരിച്ചു പറയുന്ന ഏകകാരണം അതു ഒറ്റയാൾമാത്രം കൊടുക്കുന്ന വലിയ ഒരു ടാക്സേഷൻ അല്ലെന്നും ഇൻസിഡൻസ് ഓഫ് ടാക്സേഷൻ കച്ചവടക്കാരുടെ പക്കൽനിന്നുപോലും ഈടാക്കാൻഇടയുണ്ടെന്നും അതാണ്. ഫോർസെയിൽ കച്ചവടക്കാക്ക്, യോജിച്ച് അവർ കൊടുക്കുന്ന ടാക്സ് ഉപഭോക്താക്കളുടെ തലയിൽ കെട്ടിവയ്ക്കാൻ കഴിയും. എന്നാൽ ചെറിയ കച്ചവടക്കാക്ക് യോജിച്ചു അങ്ങനെ ചെയ്യാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ലാഭത്തിൽനിന്നു തന്നെ അവർ അതും കൊടുക്കാൻ ഇടയുണ്ട്. കൃമിലേറിവു ടാക്സേഷനെ ഉപഭോക്താക്കൾ അതുകൊണ്ട് കൂടുതൽ സ്വാഗതം ചെയ്യുമെന്നു പറയപ്പെടുന്നു. കച്ചവടക്കാർ തമ്മിലുള്ള മത്സരത്തിന്റെ ഫലമായിട്ട് അവർ തന്നെ അതു വഹിച്ചുകൊള്ളും. എന്നാൽ ഉപഭോക്താക്കളുടെ അടുക്കൽനിന്നു ഈ ടാക്സുകൂടി കച്ചവടക്കാർ പിരിച്ചു വയ്ക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു വകുപ്പാണിത്. അതുകൊണ്ട് ഈ വകുപ്പു ഒന്നാകെ എടുത്തുകളയണം.

MR. P. S. NATARAJA PILLAI : ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീ. ഉദയഭാനു ഈ ടാക്സേഷനെപ്പറ്റി ഏതോ തെറ്റിദ്ധാരണ കൊണ്ടാണ് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നതെന്നാണ് എനിക്കു തോന്നുന്നതു്. ബാംബെയിൽ സിങ്കിൾ ടാക്സേഷൻ മാത്രംമൂലം ഫോറിൻ സെയിൽ ഡീലേഴ്സിന്റെ അടുക്കൽനിന്നു മാത്രം കരം ഈടാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുകയാണു്. എന്നാൽ ഇവിടെ പതിനായിരം രൂപാ ടേൺ ഓവർ ഉള്ള ആളുകളിൽനിന്നു കരം ഈടാക്കാനാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതിലേക്ക് ൫,൫൦൦ രൂപാ ടേൺ ഓവർ ഉള്ള കച്ചവടക്കാർ അവരുടെ പേരുകൾ രജിസ്റ്റർ ചെയ്യണമെന്നു് പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു ൫,൫൦൦ രൂപാ മുതൽ ടേൺ ഓവർ സംഖ്യവരുന്ന എല്ലാ കച്ചവടക്കാരും കരം കൊടുക്കേണ്ടിവരുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് മി. ഭാനു ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. ൫,൫൦൦ രൂപാ ടേൺ ഓവർ ഉള്ളവർ രജിസ്റ്റർ ചെയ്യണമെന്നു പറയുമ്പോൾ ൨,൫൦൦ രൂപായുടെ വ്യത്യാസം മാത്രമാണു അതിലുള്ളതു്. ഇവർ കൂടി രജിസ്റ്റർ ചെയ്യണമെന്നു വച്ചിരിക്കുന്നതു് ഇതിലുള്ള വ്യത്യാസം കണ്ടുപിടിച്ചു പതിനായിരം രൂപാ ടേൺ ഓവർ ഉള്ളവർ ആരെല്ലാമെന്നു ചെക്കുചെയ്യുവാൻ മാത്രമാണു്. ൴൦,൦൦൦ രൂപാ ടേൺ ഓവറുള്ള കച്ചവടക്കാരെ കണ്ടുപിടിക്കുവാൻവേണ്ടി അതിൽ കുറഞ്ഞ ആളുകളുടെ കണക്കു് എടുത്തുവെന്നേയുള്ളു. ബാംബെയിൽ സിങ്കിൾ ടാക്സേഷനാണു്. ഇവിടെ രണ്ടുമൂന്നു പേരെ ടാക്സു ചെയ്യാൻ കഴിയും. ൴൦,൦൦൦ രൂപായ്ക്കുമേൽ ടേൺ ഓവർ വയ്ക്കുന്നപക്ഷം കാരോ സാധനത്തിനും രണ്ടോ മൂന്നോ കച്ചവടക്കാർ ടാക്സു കൊടുക്കേണ്ടതായി വരും. അങ്ങനെ ടാക്സു കൊടുക്കണമെങ്കിൽ അവരെ എല്ലാവരേയും രജിസ്റ്റർ ചെയ്യേണ്ടതായും വരും. അതുകൊണ്ടു ഉപഭോക്താക്കളെ ഉപദ്രവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല, നേരേ മറിച്ചു കച്ചവടക്കാരെ ആരെയും ഇതിൽനിന്നും ഒഴിവാക്കപ്പെടരുതെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണു അങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നതു. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

HON'BLE MR. A. J. JOHN : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ വകുപ്പിൽ രണ്ടു ഭാഗങ്ങളാണുള്ളതു്. ഒന്നാമത്തെ ഭാഗത്തു പറയുന്നതു ഇങ്ങനെയാണു്.

"No person who is not a registered dealer shall collect any amount by way of tax under this Act" രജിസ്റ്റേഡ് ഡീലറിൽനിന്നുമാത്രമെ ടാക്സു കളക്ടുചെയ്യാവൂ എന്നാണു പറഞ്ഞിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John].

ന്നത്. ഈ വകുപ്പു എടുത്തുകളയുന്നപക്ഷം ഉപഭോക്താക്കൾക്കു എന്തു ഗുണമാണ് ലഭിക്കാൻപോകുന്നതെന്നു മനസ്സിലാകുന്നില്ല. രണ്ടാമത്തെ ഭാഗത്തു പറയുന്നതു "Every person who has collected or collects any amount by way of tax under this Act on or after the first day of Chingom 1125 shall pay over to our Government all amounts so collected by him if they are in excess of the tax, if any, paid by him for the period during which collections were made; and in default of such payment, the amounts may be recovered as if they were arrears of land revenue." എന്നാണ്. മി. ഉദയഭാനു കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഇതു രണ്ടും എടുത്തുകളയണമെന്നാണ്. അതു ഒരിക്കലും പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഈ രണ്ടാമത്തെ ഭാഗം എടുത്തുകളയുന്നപക്ഷം ടാക്സു പിരിക്കാൻതന്നെ സാദ്ധ്യമല്ലാതെവരും. ഈ കാരണങ്ങളാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put to vote and lost.

The question that Cl. 11 do stand part of the Bill was put and carried. Cl. 11 was added to the Bill.

Clauses 12 to 15.

The question that Clauses 12 to 15 do stand part of the Bill was put and carried.

Clauses 12 to 15 were added to the Bill.

Clause 16

MR. A. P. UDAYABHANU : In clause 16 in line 3 after "Tamil" and "Hindi"

സർ, കണക്കുകൾ സൂക്ഷിക്കുന്നതു ഇംഗ്ലീഷും മലയാളവും തമിഴും ആവാം എന്നു പറയുന്നിടത്തു ഹിന്ദികൂടി ചേർക്കണമെന്നാണ് ഞാൻ കൊണ്ടുവരുന്ന ഭേദഗതി. ഇപ്പോൾ ഹിന്ദിക്കു പ്രചാരംകൂടി വരുന്ന കാലമാണ്. ഇനിയുള്ള കാലത്തു ഇൻഡ്യയിലെ പൊതുവായ അംഗീകൃതഭാഷ ഹിന്ദിയായിരിക്കുമെന്നതിനു സംശയമില്ല. ഈ ബില്ലിൽ ഇങ്ങനെ ഒരു ഭേദഗതികൂടി വരുത്തുന്നപക്ഷം, ഹിന്ദിയിൽ കണക്കെഴുതി സൂക്ഷിക്കുന്നതിനുള്ള തടസ്സവുംകൂടി ഇല്ലാതെയാകുമല്ലോ എന്ന കരുതിയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഹിന്ദി കമ്പൾസറി ആക്കണമെന്നുള്ളതല്ല എന്റെ ഉദ്ദേശം. അതു പെർമിസീവു ആക്കണമെന്നേയുള്ളൂ.

Hindi is our national language and in a few months we have to make all our transactions in Hindi. This amendment will not lead to any anti-Hindi agitation. Hindi will be only made permissible. I am not making Hindi absolute.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: I second it and I think it is very necessary also. In the present context of things, sub-nationalism must go and India must be a unit and a single language is necessary. Sub-nationalism theory will be disastrous to India and Hindi should be made the unifying language. Just as English has made a modern Indian Nation, Hindi will make us an united union. Therefore, opportunities must, wherever possible, be given for statutory recognition of Hindi.

MR. P. S. MUHAMMED : ഞാൻ ഈ ഭേഗതിയെ എതിക്കുന്നു. തിരുവിതാംക്കൂറിനെ ഇൻഡ്യൻ യൂണിയന്റെ ഏതെങ്കിലും ഒരു പ്രാവിൻസിനോട് ചേക്കുമോ, അതല്ല, ഐക്യകേരളത്തിൽപ്പെടുത്തുമോ എന്നു ചെയ്യാൻപോകുന്നുവെന്നു നമുക്ക് നിശ്ചയമില്ല. അതേപ്പറ്റി നമുക്ക് ഇപ്പോൾ ആലോചിച്ചിട്ടു കാര്യവുമില്ല. നാമിപ്പോൾ തിരുവിതാംക്കൂറിലെ ജനങ്ങളുടെ ആവശ്യത്തിനാണു നിയമമുണ്ടാക്കുന്നതു്. അവരെ മാത്രം ബാധിക്കുന്ന വ്യവസ്ഥകൾ നാം ബില്ലിൽ ചേർത്താൽ മതിയാകുകയും ചെയ്യും. അതുകൊണ്ട് ഈ ഭേഗതി സ്വീകരിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

HON'BLE MR. A. J. JOHN : സർ, ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. കണക്കുകൾ ഹിന്ദിയിൽ എഴുതാൻ വ്യവസ്ഥചെയ്താൽ ആ കണക്കുകൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർ ഹിന്ദി പഠിച്ചവർകൂടി ആയിരിക്കണം. അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ നമുക്കു ഇവിടെ സുലഭമായി കിട്ടുകയില്ല.

MR. P. S. NATARAJA PILLAI : കണക്കു പരിശോധിക്കുവാൻ ഇപ്പോൾ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ ഈ മൂന്നു ഭാഷയും അറിഞ്ഞവരാണോ ?

HON'BLE MR. A. J. JOHN : മിക്കവാറും ഈ മൂന്നു ഭാഷയും അറിയുന്ന ഉദ്യോഗസ്ഥന്മാരെ ഇവിടെ ലഭിക്കുന്നതാണ്.

MR. A. P. UDAYABHANU : മദ്രാസിൽ ഹിന്ദിക്കൂടി ചേർത്തിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കു അറിയാമോ ?

HON'BLE MR. A. J. JOHN : അവിടെ അതിന്റെ ആവശ്യമുണ്ടായിരിക്കാം. ഹിന്ദി അറിയാവുന്ന ഉദ്യോഗസ്ഥന്മാരെ അവിടെ കിട്ടുന്നതിനും എളുപ്പമുണ്ടായിരിക്കാം. ഹിന്ദിക്കൂടി ചേർക്കുന്നതിൽ ഗവണ്മെന്റിനു എതിരില്ല. പക്ഷേ അതിന്റെ ആവശ്യം കാണുന്നില്ല. ഏതെങ്കിലും കാലത്തു് ഇവിടെ ഹിന്ദിക്കു് കൂടുതൽ പ്രചാരം ഉണ്ടാകുകയും ഹിന്ദിയിൽ കണക്കെഴുതുവാൻ ആളുകൾ തയ്യാറാകുകയും ചെയ്യുമ്പോൾ അന്നു ഇങ്ങനെ ഒരു ഭേഗതി കൊണ്ടുവരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: The amendment was put to vote and lost.

The question that clauses 16 and 17 do stand part of the Bill was put and carried.

Clause 16 and 17 were added to the Bill.

Clause 18.

MR. P. S. NATARAJA PILLAI: In clause 18 sub-clause (ii) omit the words "irrespective of the amount of the turnover of such business being less than the minimum specified in Section 3, Sub-section (3)" after the word "concerned" in line 4. This clause deals with the application of this Act to non-resident dealers. In sub-clause (2) I have given notice of an amendment. Sub-clause (2), is "The agent of a non-resident shall be assessed to tax or taxes under this Act at the rate or rates leviable thereunder in respect of the business of such non-resident in which the agent is concerned, irrespective of the amount of the turnover of such business being less than the minimum *specified* in Section 3, sub-section (3)." My amendment is to omit the words "irrespective of Section 3, sub-section (3)" after the word 'concerned'. My next amendment is to omit sub-clauses (iv) and (v). Sub-clauses (iv) and (v) are :—

"(iv) Where no tax would have been payable by the non-resident in respect of his business in Travancore by reason of the turnover thereof being less than the minimum specified in Section 3, sub-section (3), he shall be entitled to have the amount of the tax or taxes paid by his agent, refunded to him on application made to the assessing authority concerned, or where more than one such authority is concerned, to such one of the authorities as may be authorised in this behalf by Our Government by general or special order.

(v) Such application shall be made within twelve months from the end of the year in which payment was made by or on behalf of the non-resident of the tax or taxes or any part thereof."

Here tax is "payable by the non-residents in respect of their business in Travancore by reason of the turnover thereof being less than the minimum specified in Section 3, sub-section (3), but he shall be entitled to have the amount of the tax or taxes paid by his agent, refunded to him on application made to the assessing authority concerned, or where more than one such authority is concerned, to such one of the authorities as may be authorised in this behaf by Our Government by general or special order.

Sub-section (v) is "Such application shall be made within twelve months from the end of the year in which payment was made by or on behalf of the non-resident of the tax or taxes or any part thereof."

I have given notice to omit sub-sections (iv) and (v), and to omit to words 'irrespective' of the amount of the turnover of such business being less than the minimum specified in Section 3, sub-section (3),' 'after the word' 'concerned' in line 4.

LIBRARY ARCHIVES Kerala Legislative Assembly

The purpose of it here, is to avoid the principle of discrimination being enforced against the non-residents as against the residents, that is, residents in Travancore and non-residents in Travancore. I can understand the position of that in the old Madras Sales Act. But in the present political position whether any State or any Province, can legislate on that basis is a position which I would place for the consideration of this House and the Treasury Bench. I know that the Constitution Act has not become an Act yet, but certain sections of the Constitution Act have already been adopted by the Constituent Assembly. Therein, free trade in Indian territory is postulated as a fundamental right. Then, can any provision for a discrimination against a resident and a non-resident in Travancore be enacted? Can discrimination be recognised in legislation? Residential qualifications may be put in from the law benches as a ground, but here is an element of discrimination in trade, Sir. My point is, there is discrimination inasmuch as by sub-clause (2), you are discriminating against the business of a resident and a non-resident. In the case of a resident, he is no liable to pay tax for any amount less than that specified in Section 3, sub-section (3). On the other hand, a non-resident is liable to pay and is asked to wait for a refund.

MR. K. A. GANGADHARA MENON: Is there not a difficulty in getting at the man for re-covering the money as the law stands at present?

MR. P. S. NATARAJA PILLAI: As it stands at present no; if you make the agent fully responsible we have a clause which reads thus: "The agent of a non-resident shall be assessed to tax or taxes under this Act at the rate leviable thereunder in respect of the business of such non-resident in which the agent is concerned," and again by sub-section (iii) "without prejudice to his other rights, any agent of a non-resident who is assessed under this Act in respect of the business of such non-resident may retain out of any moneys payable to the non-resident by the agent, a sum equal to the amount of the tax or taxes assessed on or paid by the agent."

So, that is the position. The agent can keep with him the money necessary for tax.

MR. K. A. GANGADHARA MENON: Suppose he doesn't. The word used is 'may.'

MR. P. S. NATARAJA PILLAI: There is the penal provisions for tax-dodgers. They may have the desired effect on the agent. I put it on a broader basis namely whether any discrimination can be enforced. I can understand the Law Benches saying that a residential qualification may be put in but could you discriminate against a non-resident in the present context of events in Indian territory, in the present political make-up? I think it will be incorrect. Therefore, I have moved by amendment that in clause 2, that discrimination portion may be taken away.

Clauses (iv) and (v) may also be deleted. With these words, I move my amendment.

MR. A. P. UDAYABHANU: I support it.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN: ഞാൻ ഈ ഭേദഗതിയെ എതുക്കുന്നു. ഇതുപോലെയുള്ള ഒരു വ്യവസ്ഥ ഇൻകംടാക്സ് നിയമത്തിലുണ്ട്. അതിന്റെ കാരണം എജൻസി ടാക്സ് അതായതു കാലത്തു് പിരിച്ചില്ലെങ്കിൽ അവർ കടന്നുകളഞ്ഞതിൽ പിന്നെ പിടിച്ചെടുക്കാൻ യാതൊരു മാർഗ്ഗവുമില്ല. ടാക്സ് പിരിക്കണമെങ്കിൽ ടാക്സ് ഈടാക്കാവുന്ന സാധനങ്ങൾ നാൻ റസിഡൻസിയിൽനിന്നും ഇവിടെ വന്നാൽ മാത്രമേ സാധിക്കുകയുള്ളൂ. Non-Residentsഎന്നു പറയുന്നതു ഇൻഡ്യയിൽ ഉള്ളവരെ മാത്രമുദ്ദേശിച്ചല്ല. ഇൻഡ്യയ്ക്കു വെളിയിലുള്ളവരേയും കൂടി ഉദ്ദേശിച്ചാണ്. ആ സ്ഥിതിക്കു് ഇതു് സ്വീകരിച്ചാൽ അവർ ടാക്സ് കെട്ടുന്നതിനു മുമ്പു് തിരുവിതാംകൂറിൽ നിന്നു പോയാൽ പിന്നീടു് അതു് ഈടാക്കാൻ യാതൊരു മാർഗ്ഗവുമില്ല. ഈടാക്കിപ്പോയതു് കൊടുക്കേണ്ടതല്ലെങ്കിൽ ഫൈ മാസത്തിനകം അതു റീഫണ്ടു വാങ്ങാവുന്നതാണു്. അതുകൊണ്ടു് അതു് റസിഡൻസിനെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല. ഈ ഭേദഗതി സ്വീകരിച്ചാൽ ഗവണ്മെൻറിനു വലിയ നഷ്ടമുണ്ടാകും.

MR. P. S. NATARAJA PILLAI: Under clause 19, is the Agent liable for prosecution and punishment?

HON'BLE MR. A. J. JOHN: ഏജൻറ് ഇവിടെനിന്നു പോയാൽ അയാളെ തിരിച്ചുകൊണ്ടുവരാൻ സാദ്ധ്യമല്ല.

MR P. S. NATARAJA PILLAI: If a resident absconds, where is he?

HON'BLE MR. A. J. JOHN: ഇവിടത്തെ സകല നിയമങ്ങളും ഇവിടത്തെ റസിഡൻറിനെ ബാധിക്കുന്നതാണ്. അവർക്കു് വാട്ടണ്ടെങ്കിൽ അവർ എന്നായാലും തിരിച്ചുവരണം.

MR. P. S. NATARAJA PILLAI: Even a nonresident may have to go,

The question that Clauses 18 and 19 do stand part of the Bill was put and carried.

Clauses 18 and 19 were added to the Bill.

Clause 20.

MR. A. P. UDAYABHANU: In Clause 20 (a) in line 4, after the words "not exceeding" and before "double the amount" add "one thousand rupees or" and after the words "the tax recoverable" add "whichever is greater."

By this amendment I sought to bring the Act to the original. "(a) where the offence consists of the failure to pay, or the evasion of any tax recoverable under this Act, in addition to the tax so recoverable, a sum of money not exceeding double the amount of the tax recoverable."

MR. P. S. NATARAJA PILLAI: I second the motion.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : ഞാൻ ഈ ഭേദഗതിയെയും എതിർക്കുന്നു. മിക്കവാറും ചെറിയ കച്ചവടക്കാർക്ക് നല്ല ശ്രമപ്പെട്ടാ മറ്റൊരു മാർഗ്ഗം ടാക്സ് കൊടുക്കേണ്ടതായി വരികയുള്ളൂ. മി. ഉദയഭാനുവിന്റെ ഭേദഗതിയനുസരിച്ച് നോക്കുകയാണെങ്കിൽ ചെറിയ കച്ചവടക്കാർ ആയിരത്തുപ്പാവരെ പിഴ കൊടുക്കേണ്ടതായി വരും. അപ്പോൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ചെറിയ കച്ചവടക്കാരെ സംരക്ഷിക്കുന്നതിനും Mr. ഈ ബില്ലിൽ ഇങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നു. "sum of money not exceeding Rs. 1000/—whichever is greater" അതിനു ശ്രമിച്ചില്ലെങ്കിൽ ഇരട്ടിപ്പിക്കുകയെന്ന വയ്ക്കുകയാണെങ്കിൽ സാധുക്കളായ കച്ചവടക്കാർക്ക് ഒരു കൊല്ലത്തിൽ നല്ല ശ്രമപ്പെട്ടാ അപ്പുന്നതിനുപകരം അങ്ങനെയായാൽ അയാളുടെ കച്ചവടം ഉപേക്ഷിച്ചിട്ടു പോകും.

MR. A. P. UDAYA BHANU : That would not go beyond that is a ceiling.

MR. K. K. CHELLAPPAN PILLAI : കറന്റ് ചെയ്യുവരെയല്ലേ അത് ബാധിക്കുകയുള്ളൂ?

HON'BLE MR. A. J. JOHN: കറന്റിനു ബില്ലിൽ വ്യവസ്ഥകൾ എല്ലാം ഉണ്ട്.

The amendment was put to vote and lost. The question that clauses 20 to 22 do stand part of the bill was put and carried.

Clauses 20-22 were added to the bill.

Clause 23.

MR. V. K. VARGHESE : Change present section 23 into 23 (1), and add the clause (2) after section 23 (1), the following clause; "The time taken for obtaining sanction under section 22 (1) shall be excluded in computing the period of limitation for the suits" എന്ന് ക്ലോസ് 22 അനുസരിച്ച് ഗവണ്മെന്റിനെ പ്രതിയാക്കി ഒരു കേസ് കൊടുക്കണമെന്നുണ്ടെങ്കിൽ അതിനു ഗവണ്മെന്റനുവാദം വേണം. No suit, prosecution, or other proceedings shall lie against any officer or servant of Government for any act done or purporting to be done under this act without the previous sanction of the Government" അങ്ങിനെ വരുമ്പോൾ പരാതി കൊടുക്കുന്നു മുമ്പായി നോട്ടീസ് വേണമെന്നിരിക്കേ ഗവണ്മെന്റിൽനിന്നും അനുവാദം ലഭിക്കുന്നതിന് ആറു മാസത്തിൽ കൂടുതൽ കാലതാമസം വരുന്നതുകൊണ്ട് അങ്ങിനെ ഒരു സ്യൂട്ട് കൊടുക്കുന്നതിന് സാധിക്കാതെവരികയും അതുമൂലം കച്ചവടക്കാർക്ക് പരാതിപ്പെടുന്നതിനുള്ള അവസരം നഷ്ടമാകുകയും ചെയ്യും. അതുകൊണ്ട് ഗവണ്മെന്റിൽനിന്നും അനുവാദം കിട്ടുന്നതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Varghese.]

നുള്ള കാലതാമസം ഈ സൂട്ട കൊടുക്കുവാനുള്ള പീരിയഡിൽനിന്നും കുറയ്ക്കണമെന്നാണ് എന്റെ ഈ അമൻഡുമെന്റു കൊണ്ടുദ്ദേശിക്കുന്നത്.

MR. N. P. VARGHESE : I support it.

HON'BLE MR. A. J. JOHN : അതു് അങ്ങിനെ എക്സ്ക്ലൂഡ് ചെയ്യുന്നതിനു വലിയ പ്രതിബന്ധമുണ്ടെന്നു തോന്നുന്നില്ല. അതുമാസത്തിനകം തീർച്ചയായും ഗവണ്മെൻറിൽനിന്നും അനുവാദം കിട്ടുന്നതാണ്. തീച്ചയായും ഒന്നരണ്ടുമാസത്തിനകംതന്നെ അനുവാദം കിട്ടും. അതുകൊണ്ടു് അതിനു ക്ണപ്പുമായ അഭിപ്രായം ഒന്നും ഗവണ്മെൻറിനില്ല. ബില്ലിൽ പറഞ്ഞിരിക്കുന്നതുതന്നെ സ്വീകരിക്കുന്നതു് നല്ലതാണെന്നാണ് എന്റെ അഭിപ്രായം. പിന്നെ ഈ സഭയുടെ അഭിപ്രായം അതു ഭേദപ്പെട്ടതാണെന്നാണെങ്കിൽ അങ്ങിനെ പ്രവർത്തിക്കുന്നതാണ്.

MR. V. K. VARGHESE : സർ, ഫ്ലോ-ൽ ഞാൻ ഗവണ്മെൻറിൽ കൊടുത്ത പെറ്റിഷൻ ഇപ്പോഴും ഗവണ്മെൻറിൽ പെൻഡിംഗാണ്. ഇനിയും ഡിസ്പോസ് ചെയ്തിട്ടില്ല.

The amendment was adopted.

The question that clause 23, as amended do stand part of the bill was put and carried. Clause 23 as amended was added to the bill.

The question that clauses 24 and 25 do stand part of the bill was put and carried. Clauses 24 and 25 were added to the bill.

The question that the preamble do stand part of the bill was put and carried. The preamble was added to the bill.

The question that the title do stand part of the bill was put and carried. The title was added to the bill.

HON'BLE MR. A. J. JOHN : ഇതിനെ സംബന്ധിച്ചുള്ള ഭേദഗതികൾ എല്ലാം തീർന്നിട്ടുള്ളതുകൊണ്ടു് ഇതിന്റെ മൂന്നാംവായന നാളത്തേക്കു് മാറ്റിവച്ചിരിക്കുന്നു.

THE TRAVANCORE VERUMPATTOM HOLDERS (STAY OF EVICTION PROCEEDINGS) BILL, 1124.

HON'BLE MR. A. J. JOHN : Sir, I beg to introduce the Travancore Verumpattom Holders (Stay of Eviction Proceedings) Bill, 1124.

വെറുംപാട്ട കുടിയാന്മാരെ കുടിയിറക്കുന്നതിനുള്ള കേസുകൾ വർദ്ധിച്ചുവരുന്നതായിട്ടുള്ള പരാതികൾ ധാരാളമാണ്. വസ്തു ഉടമസ്ഥന്മാരും വെറുംപാട്ടക്കുടിയാന്മാരും തമ്മിലുള്ള ബന്ധം ശരിയായി പര

LIBRARY ARCHIVES Kerala Legislative Assembly